"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - സംസ്ഥാനത്തെ 505 ഗ്രാമപഞ്ചായത്തുകളിൽ ഹെൽത്ത് ഇൻസെക്ടർ ഗ്രേഡ് II താൽക്കാലിക തസ്തികകൾ അനുവദിച്ച് മേൽ തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ എംപ്ലോയ്മെന്റ് എക്സ് ചേഞ്ച് മുഖേന നിയമനം നടത്തുന്നത്-അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.(കൈ) നം.250/2022/LSGD തീയതി,തിരുവനന്തപുരം, 10-11-2022

പരാമർശം:- 1. പഞ്ചായത്ത് ഡയറക്ടറുടെ 05.01.2022, 24.01.22, 31.01.2022, 10.02.22,01.04.2022,18.04.22 എന്നീ തിയതികളിലെ PAN/13571/2021-E14(DP) നമ്പർ പ്രപ്പോസലുകൾ.

2. 16.06.2022 തീയതിയിലെ പഞ്ചായത്ത് ഡയറക്ടറുടെ PAN/13571/2021-E14(DP) നമ്പർ കത്ത്.

**ഉത്തരവ്**

ആരോഗ്യ വകുപ്പിന് കീഴിലുള്ള ഹെൽത്ത് ഇൻസ്പെക്ടർ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് തുടങ്ങിയ ജീവനക്കാർ ആരോഗ്യ/ശുചിത്വ -മാലിന്യ നിർമാർജ്ജനം എന്നീ മേഖലകളിൽ പഞ്ചായത്തുകളുടെ ചുമതലകൾ ഏറ്റെടുത്തു നിർവ്വഹിക്കുന്ന ജീവനക്കാരാണ്. സമീപകാലത്തായി രോഗ പ്രതിരോധ പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകേണ്ടതിന്റെ ആവശ്യകത ക്രമാതീതമായി വർദ്ധിച്ചതിനാൽ പഞ്ചായത്തുകളുടെ മറ്റ് അടിസ്ഥാന ഉത്തരവാദിത്തങ്ങളായ ശുചീകരണവും മാലിന്യ നിർമാർജ്ജനവും നടപ്പിലാക്കുന്നതിനായി സമയം കണ്ടെത്തുന്നതിന് ബുദ്ധിമുട്ട് നേരിടുന്നതിനാൽ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മന്റ് റൂൾസ് 2016, സോളിഡ് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016 എന്നിവയുടെ നടപ്പാക്കലിൽ പ്രതീക്ഷിച്ച വേഗത കൈവരിക്കാനാകുന്നില്ലായെന്നും മേൽ സാഹചര്യത്തിൽ മുനിസിപ്പാലിറ്റികളിലേതിന് സമാനമായി ഗ്രാമപഞ്ചായത്തുകളിൽ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തിക സൃഷ്ടിക്കണമെന്നും അപ്രകാരം തസ്തിക സൃഷ്ടിക്കുന്നതിന് തനത് ഫണ്ട് പര്യാപ്തമാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുള്ള പഞ്ചായത്തുകളുടെ അപേക്ഷകൾ, പഞ്ചായത്ത് കമ്മിറ്റി തീരുമാനവും മറ്റ് അനുബന്ധരേഖകളും സഹിതം അനുകൂലശിപാർശയോടെ പഞ്ചായത്ത് ഡയറക്ടർ പരാമർശം (1) പ്രകാരം സർക്കാരിൽ സമർപ്പിക്കുകയും ചെയ്തു.

2. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രാഥമിക ഉത്തരവാദിത്തമാണ് മാലിന്യ നിർമാർജ്ജനം എന്നിരിക്കെ മേൽ പ്രവർത്തനങ്ങൾക്കായി പര്യാപ്തമായ ജീവനക്കാരെ നിയോഗിക്കാതിരുന്നാൽ മാലിന്യ നിർമാർജ്ജന പ്രവർത്തനങ്ങളിൽ കാര്യമായ പുരോഗതി ഉണ്ടാവില്ല എന്നതിനാൽ ഗ്രാമപഞ്ചായത്തുകളിൽ

ഹെൽത്ത് ഇൻസ്പെക്ടർ തസ്തിക സൃഷ്ടിക്കേണ്ടത് അനിവാര്യമാണെന്നു കണ്ടതിന്റെ അടിസ്ഥാനത്തിൽ, തനത് ഫണ്ട് പര്യാപ്തമാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുള്ള പഞ്ചായത്തുകളിൽ, ഹെൽത്ത് ഇൻസെക്ടർ ഗ്രേഡ് II താൽക്കാലിക തസ്തിക അനുവദിച്ച്, മേൽ തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നല്കുന്ന വിഷയം സർക്കാർ പരിശോധിക്കുകയും സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തിൽ കരാർ അടിസ്ഥാനത്തിൽ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് II തസ്തികയിൽ നിയമനം നടത്തുന്നതുമായി ബന്ധപ്പെട്ട് യോഗ്യത, നടപടിക്രമം, ചുമതലകൾ എന്നിവ പരാമർശം (2) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കുകയുമുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ അനുബന്ധം (1) ആയി ചേർത്തിട്ടുള്ള സംസ്ഥാനത്തെ 505 ഗ്രാമപഞ്ചായത്തുകളിൽ ഹെൽത്ത് ഇൻസെക്ടർ ഗ്രേഡ് II താൽക്കാലിക തസ്തിക അനുവദിച്ച്, പ്രസ്തുത തസ്തികയിൽ കരാർ അടിസ്ഥാനത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന അനുബന്ധം (2) പ്രകാരമുള്ള മാനദണ്ഡങ്ങൾക്കും നടപടി ക്രമങ്ങൾക്കും വിധേയമായി നിയമനം നൽകുന്നതിന് അനുമതി നൽകി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

പൊതുഭരണ (എസ്.സി) വകുപ്പ്

ധനകാര്യ വകുപ്പ് ( നം. DEV-5/86/2022-FIN(E-2055182) തിയതി 20.05.2022, 01.08.2022 പ്രകാരം)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ. കെ. എം, തിരുവനന്തപുരം. (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).

ഐ&പിആർഡി (വെബ് & ന്യൂ മീഡിയ)

ഓഫീസ് പകർപ്പ് (ഫയൽ നം. LSGD-EPA2/14/2022-LSGD)/ കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സ.ഉ.(കൈ) നം.250/2022/LSGD

സെക്ഷൻ ഓഫീസർ